എടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അവസാനമായി ഇത് ഏറ്റെടുക്കുന്നതിനെക്കുറിച്ചാലോചിച്ച് ആവശ്യമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. യു. മഹാബലറാവുവിനെ ഏകാംഗകമ്മീഷനായി നിയമിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിയശേഷം ഫൈനലായി തീരുമാനമെടുക്കുവാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് വിശ്വസിക്കുന്നത്.

(ചർച്ച തുടരുന്നതാണ്.)

(iv) 1985-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെയാണ് എന്റെ ബില്ലിന്റെയും സ്ഥിതി. നാലാമത്തെ തവണയാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കേണ്ടിവരുന്നത്. വിദ്യാഭ്യാസവകുപ്പുമന്ത്രി പ്രീ-ഡിഗ്രിക്കു പഠിക്കുവാൻ പോയിരിക്കുകയാണ്. സ്വകാര്യമേഖലയിൽ പുതുതായി സ്കൂളുകളും അനുവദിക്കുന്നതിനെതിരായും, അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകൻമാർക്ക് അവരുടെ യോഗ്യത നിശ്ചയിക്കണമെന്നും സേവന വേതന വ്യവസ്ഥ നിശ്ചയിക്കണമെന്നും ആവശ്യപ്പെടുന്നതാണ് വിദ്യാഭ്യാസ ഭേദഗതിനിയമത്തിലെ എന്റെ ഭേദഗതി. നമ്മുടെ സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസം സൗജന്യമാണെന്ന കാഴ്ചപ്പാടുതന്നെ ഈ ഗവൺമെന്റ് കളഞ്ഞുകുളിച്ചുകൊണ്ടിരിക്കയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് പണമുള്ളവർ പഠിച്ചാൽമതിയെന്ന ഒരവസ്ഥ പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉണ്ടാക്കി വെച്ചിരിക്കയാണ്. സെക്കൻററി വിദ്യാഭ്യാസം സൗജന്യമാക്കി പ്രഖ്യാപിച്ച നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഫീസ് കൊടുത്തുകൊണ്ട് പഠിക്കേണ്ട വിദ്യാലയങ്ങളാണ് ഈ ഗവൺമെന്റ് കൂടുതലായി തുറന്നുകൊണ്ടിരിക്കുന്നത്. 600 സ്കൂളുകളാണ് അൺ ഇക്കണോമിക് സ്കൂളുകൾ എന്ന നിലയിൽ, അനാദായകരമായ സ്കൂളുകൾ എന്ന നിലയിൽ ഈ ഗവൺമെന്റ് പ്രഖ്യാപിക്കുവാൻ പോകുന്നത്. ഒരു സ്കൂൾ ആദായകരവും അനാദായകരവുമെന്ന് നിർവ്വചിക്കുമ്പോൾതന്നെ വിദ്യാഭ്യാസത്തെ കച്ചവടകാഴ്ചപ്പാടോടുകൂടി നോക്കുന്ന ഈ ഗവൺമെന്റിന്റെ സമീപനമാണ് അത് വ്യക്തമാക്കുന്നത്. അങ്ങനെ 600 സ്കൂളുകൾ ഒരു ഭാഗത്ത് പൂട്ടി 150 പുതിയ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം കൊടുക്കുന്ന നയമാണ് ഗവൺമെന്റ് ഈ വർഷം സ്വീകരിച്ചത്. അൺ എയിഡഡ് സ്കൂളുകൾക്ക് പ്രീ-ഡിഗ്രി കോഴ്സുകൂടി കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അങ്ങനെ ലക്ഷക്കണക്കിന് ഉറുപ്പിക സ്വകാര്യ മാനേജുമെന്റുകൾക്ക് പോക്കറ്റിലാക്കാനുള്ള ഒരു സംഘടിതമായ നീക്കം നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കയാണ്. പ്രീ-ഡിഗ്രി ബോർഡ് രൂപീകരണത്തിൽത്തന്നെ ഗവൺമെന്റ് ഉദ്ദേശം വച്ചിരിക്കുന്നത്, അൺ എയിഡഡ് സ്കൂളുകൾക്ക്, അംഗീകൃത സ്കൂളുകൾക്ക് പ്രീ-ഡിഗ്രി കോഴ്സ് കൊടുത്തിട്ട് ഒരു സമാന്തരമായ സ്വകാര്യ വിദ്യാഭ്യാസ മേഖല ഈ സംസ്ഥാനത്ത് പടുത്തുയർത്തുവാനുള്ള നീക്കമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

(ചർച്ച തുടരുന്നതാണ്)

LIBRARY ARCHIVES Kerala Legislative Assembly